I/31807/2023

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ നടപടിക്രമം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ് , ശാന്തിനഗർ, തിരുവനന്തപുരം-695001**

**ഹാജർ : ഇൻപശേഖർ.കെ, ഐ.എ.എസ്**

---

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം - സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2019-20 അധ്യയന വർഷം എംബിബിഎസ് കോഴ്സിൽ പ്രവേശനം ലഭിച്ചതും ബിപിഎൽ സ്കോളർഷിപ്പിന് അർഹത നേടിയിട്ടുള്ളതുമായ വിദ്യാർത്ഥിക്ക് ട്യൂഷൻ ഫീസിന്റെ 90% തുക ബി.പി.എൽ സ്കോളർഷിപ്പായി അനുവദിച്ച് ഉത്തരവാകുന്നു.

---

**നം.എ3/248/2022/സി.ഇ.ഇ** **തീയതി:13-02-2023**

---

പരാമർശം:- 1) സർക്കാർ ഉത്തരവ് (എം.എസ്) നം. 107/2018/ആകുവ തീയതി 06/06/2018.

2) സർക്കാർ ഉത്തരവ് (എം.എസ്) നം. 138/2018/ആകുവ തീയതി 19/07/2018.

3) സർക്കാർ ഉത്തരവ് (എം.എസ്) നം. 169/2018/ആകുവ തീയതി 19/08/2018

4) 23/07/2020-ലെ WP(C)No.7771/2018 & connected case –ലെ ബഹു.ഹൈക്കോടതി ഉത്തരവ്.

5) 27/01/2021-ലെ WP(C)No.25475 &26683/2020 –ലെ ബഹു.ഹൈക്കോടതി ഉത്തരവ്.

6) ഈ കാര്യാലയത്തിലെ വിവിധ തീയതികളിലെ ഉത്തരവ് നമ്പർ എ3/4784/2019/പ്രപക.

7) ഈ കാര്യാലയത്തിലെ വിവിധ തീയതികളിലെ ഉത്തരവ് നമ്പർ എ3/248/2022/സി.ഇ.ഇ

8) എറണാകുളം ജില്ലാ കളക്ടറുടെ 11.01.2023-ലെ കത്ത് നമ്പർ DCEKM-5042/2020/A6

9) 20.01.2022-ലെ ഇതേ നമ്പർ വിജ്ഞാപനം

10) 07.02.2023-ലെ AFRC ചെയർമാന്റെ ഉത്തരവ് നമ്പർ ASC 100/19/MBBS/CFBPL

11) സർക്കാർ ഉത്തരവ് (എം.എസ്) നം. 100/2019/ആകുവ തീയതി 06.07.2019

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അധ്യയന വർഷം മുതൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള (ബി.പി.എൽ) വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് രൂപത്തിൽ ഫീസ് ഇളവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരാമർശം (1), (2),(3) ഉത്തരവുകൾ പ്രകാരം സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. തുടർന്ന് പരാമർശം (4) പ്രകാരം ബി.പി.എൽ സ്കോളർഷിപ്പ് സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദാക്കിയിരുന്നു. തുടർന്ന് പരാമർശം (5) പ്രകാരം അർഹരായ വിദ്യാർത്ഥികൾക്ക് ബി.പി.എൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2019-20 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എംബിബിഎസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ

അർഹത പരിശോധിച്ച് അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസിന്റെ 90% തുക ബി.പി.എൽ സ്കോളർഷിപ്പായി അനുവദിക്കുകയും, കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ നിന്നുള്ള ടിയാന്മാരുടെ പരീക്ഷാ ഫലങ്ങളുടെ അടിസ്ഥാനത്തിൽ വിജയിച്ച വിദ്യാർത്ഥികൾക്ക് അവരുടെ തുടർ വർഷങ്ങളിലെ സ്കോളർഷിപ്പ് പരാമർശം (6), (7) ഉത്തരവുകൾ പ്രകാരം അനുവദിക്കുകയും, സർക്കാർ അംഗീകരിച്ച ട്യൂഷൻ ഫീസിന്റെ 90% തുക കോർപ്പസ് ഫണ്ടിൽ നിന്നും സ്കോളർഷിപ്പായി വിതരണം ചെയ്തിട്ടുള്ളതുമാകുന്നു.

കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജിലെ ശ്രീ അമീർ ഇബ്രാഹിം ടിയാന് സ്വന്തമായി വീടില്ലെന്ന പരിഗണന വച്ച് ബിപിഎൽ സ്കോളർഷിപ്പിനുള്ള അർഹത പുന:പരിശോധിക്കണമെന്ന് അപേക്ഷ സമർപ്പിച്ചു. തുടർന്ന് പരാമർശം (8) പ്രകാരം എറണാകുളം ജില്ലാ കളക്ടർ നൽകിയ പരിശോധനാ റിപ്പോർട്ടിൽ ടിയാന് 36 മാർക്ക് വെയിറ്റേജ് ആയി അനുവദിച്ചിട്ടുണ്ട്. കൂടാതെ ടിയാൻ ബിപിഎൽ സ്കോളർഷിപ്പിന് അർഹനാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് പരാമർശം (9) പ്രകാരം ടിയാന്റെ വെയിറ്റേജ് മാർക്ക് പ്രസിദ്ധീകരിക്കുകയും ടിയാന് ബിപിഎൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി ടി റിപ്പോർട്ട് അഡ്മിഷൻ ഫീ റെഗുലേറ്ററി കമ്മിറ്റി (AFRC) ചെയർമാന് അയക്കുകയും ചെയ്തു. പരാമർശം (10) പ്രകാരം ടിയാന് ബിപിഎൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള അനുമതി AFRC ചെയർമാൻ നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 2019-20 അധ്യയന വർഷം കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജിൽ എംബിബിഎസ് കോഴ്സിന് പ്രവേശനം ലഭിക്കുകയും, പരാമർശം (10) പ്രകാരം അഡ്മിഷൻ ഫീ റെഗുലേറ്ററി കമ്മിറ്റി ബിപിഎൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് അംഗീകാരം നല്കിയിട്ടുള്ളതുമായ ശ്രീ അമീർ ഇബ്രാഹിമിന് പരാമർശം (11) സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച ട്യൂഷൻ ഫീസിന്റെ 90% തുക ബിപിഎൽ സ്കോളർഷിപ്പായി അനുവദിച്ച് ഉത്തരവാകുന്നു. പട്ടിക ചുവടെ ചേർക്കുന്നു. ശ്രീ അമീർ ഇബ്രാഹിം പരാമർശം (1) സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള ബോണ്ട്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

## Annexure

| Sl. No. | Sl.No. in the Register | Roll. No | Name of Students | Name of College | Weigh tage mark | Tuition Fee approved by AFRC | BPL Scholarship (90% of Tuition Fee) |
|---|---|---|---|---|---|---|---|
| 1 | 55 | 145391 | Ameer Ebrahim | Malankara Orthodox Syrian Church Medical College Kolanchery | 36 | 616000 | 554400 |

Total - ₹5,54,400/-

(₹ Five lakhs fifty four thousand and four hundred only)

Signed by
പ്രവേശന പരീക്ഷാ കമ്മീഷണർ
Inbasekar K Ias
Date: 13-02-2023 14:27:04

പകർപ്പ്

1. ബന്ധപ്പെട്ട വിദ്യാർത്ഥിക്ക്
2. ബന്ധപ്പെട്ട സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾക്ക്
3. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
4. ഉന്നത വിദ്യാഭ്യാസ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
5. ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
6. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം